# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/3/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/3/2022 തീയ്യതി: 17/03/2023

## കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-02-2022 മുതൽ 20-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജിലൻ.എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 21-12-2022 | 30-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-12-2022 | 30-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീമതി.സുമതി.ടി.ഒ - സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.വനജ മാടത്താൻക്കണ്ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.രമ്യ.ടി -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഗീത.കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുധീർ. കെ.പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിനിത.കെ.എൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.എസ്.രവിപ്രസാദ് | വെറ്റിനറി സർജൻ | 01-04-2021 | 02-08-2021 |
| ഡോ.പ്രീതംലാൽ | വെറ്റിനറി സർജൻ | 03-08-2021 | 31-03-2022 |
| ഡോ.ആതിര.ജെ.സി | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.തുഷാര.പി.സി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ് സാജിദ് തൈക്കണ്ടി | വി ഇ ഒ ( പാതിരിയാട് സെക്ഷൻ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ലിന്ന.ടി.പി | വി ഇ ഒ ( പട്ടുവിലായി സെക്ഷൻ) | 01-04-2021 | 31-03-2022 |
| ശ്രീമതി.റംല കക്കമ്പ്രത്ത് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 18-11-2021 |
| ഒഴിവ് | ഐ സി ഡി എസ് സൂപ്പർവൈസർ | 19-11-2021 | 24-11-2021 |
| ശ്രീമതി.സതി.സി | ഐ സി ഡി എസ് സൂപ്പർവൈസർ | 25-11-2021 | 31-03-2022 |
| ശ്രീമതി.ദിവ്യ.ടി.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗീത.എം.ജി | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ.വിനോദൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 16-09-2021 |
| ശ്രീമതി.വന്ദന.പി.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 17-09-2021 | 31-03-2022 |
| ശ്രീ.റിജുൽ രാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതിഅവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്ഷേമ പെൻഷൻ വിതരണം -പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അനുവദിച്ചതും മറ്റ് അപാകങ്ങളും | 1-7-1 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | കമ്മിറ്റികൾ | 1-10 |
| 13 | തനതു വരുമാന വർദ്ധനവിന് ജിയോ മാപ്പിംഗ് ആപ്ലിക്കേഷന്റെ സാധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്. | 1-11 |
| 14 | വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12 |
| 15 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-13 |
| 16 | സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-14 |
| 17 | ജലജീവൻ മിഷൻ പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറൽ -വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല₹ 10,00,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-15 |
| 18 | പയർ വിത്ത് വിതരണം -വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല-₹ 126000 തടസ്സപ്പെടുത്തുന്നു. | 1-16 |
| 19 | പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് വിതരണം - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല ₹ 1186000 തടസ്സപ്പെടുത്തുന്നു | 1-17 |
| 20 | കന്നുകുട്ടി പരിപാലന പരിപാടി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-18 |
| 21 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ കാലിബാരൽ വിലയും ,ജി എസ് ടിയും അതാത് ഫണ്ടിൽ /വകുപ്പിൽ തിരിച്ചടച്ചിട്ടില്ല | 1-19 |

| | | |
|---|---|---|
| 22 | നിശ്ചിത കാലാവധിക്കുള്ളിൽ കരാർ ചമയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല | 1-20 |
| 23 | ഊർപ്പള്ളി കിളപ്പറമ്പ് പുഴക്കര റോഡ് ടാറിംഗ്- പ്രവൃത്തി മൂല്യം കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽ ലിമിറ്റ് ചെയ്തില്ല-₹ 20,996 നിരാകരിക്കുന്നു | 1-21 |
| 24 | ടെണ്ടർ കുറവ് പരിഗണിക്കാതെയുള്ള പ്രവൃത്തിമൂല്യത്തിന് G S T കണക്കാക്കിയത്- അധികം നൽകിയ ₹ 5,053 നിരാകരിക്കുന്നു | 1-22 |
| 25 | എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ ബില്ലുകളിൽ നിന്നും ആദായ നികുതി ടി ഡി എസ് ഈടാക്കിയിട്ടില്ല | 1-23 |
| 26 | ഹരിതകർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് - വാഹനത്തിന്റെ ലോഗ്ബുക്ക് എഴുതി പൂർത്തീകരിച്ചിട്ടില്ല. | 1-24 |
| 27 | മഴക്കാല പൂർവ്വ ശുചീകരണത്തിനായി അനുവദിച്ച ശുചിത്വ മിഷൻ ഫണ്ടിന്റെ വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-25 |
| 28 | മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-26 |
| 29 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല | 1-27 |
| 30 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഊർപ്പള്ളി കിളപ്പറമ്പ് പുഴക്കര റോഡ് ടാറിംഗ്- പ്രവൃത്തി മൂല്യം കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽ ലിമിറ്റ് ചെയ്തില്ല- ₹ 20,996 നിരാകരിക്കുന്നു | 3-1 |
| 2 | ടെണ്ടർ കുറവ് പരിഗണിക്കാതെയുള്ള പ്രവൃത്തിമൂല്യത്തിന് G S T കണക്കാക്കിയത്- അധികം നൽകിയ ₹ 5,053 നിരാകരിക്കുന്നു | 3-2 |
| | ഭാഗം **4** | |
| 1 | വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ട് | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക്നൽകിയതുകയുടെവിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻഅഡ്വാൻസ് നൽകിയതിന്റെവിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ്റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ്നടപടിവഴിഈടാക്കിയതുകയുടെവിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 20.2.2021 ലെ 1/2021(1) ലെ നമ്പർ തീരുമാന പ്രകാരം ബജറ്റും ,15.3.2022 ലെ 60/22 നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചു

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 2,15,13,614.00 | 3,67,72,236.00 |
| വരവ് | 19,60,18,236.00 | 20,26,57,236.00 |
| ആകെ | 21,75,31,850.00 | 23,94,29,472.00 |
| ചെലവ് | 19,90,47,736.00 | 21,36,11,236.00 |
| നീക്കിയിരിപ്പ് | 1,84,84,114.00 | 2,58,18,236.00 |

## 1-2 വാർഷീക ധനകാര്യ പത്രിക

വേങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 21.04.2021ലെ 99/2022 നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 13.06.2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്ക് പരിശോധനയിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.ദുരിതാശ്വാസ നിധി ബി-2 ഷെഡ്യൂൾ പ്രകാരമുള്ള തുക 33608 രൂപയും ബി-17,ആർ.പി 40(ബി) പ്രകാരം 32608 രൂപയുമാണ്. 1000 രൂപയുടെ വ്യത്യാസമുണ്ട്.

2.തൊഴിൽ നികുതി ജീവനക്കാരുടെയും ട്രൈഡേഴ്സിന്റെയും തുക രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തി സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല

3.എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് രജിസ്റ്റർ,കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്റർ എന്നിവ സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

4.-B-11 ഷെഡ്യൂളിനനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5-B-9 ബാധ്യത ഹെഡിൽ സർക്കാരിലേക്ക് ഒടുക്കാനുള്ള Value Added Tax ഇനത്തിൽ കോഡ് നമ്പർ 350300103 ൽ 22345രൂപ നീക്കിയിരിപ്പുണ്ട്.സമയബന്ധിതമായി ഒടുക്കാതെ ഇപ്രകാരം നീക്കിയിരിപ്പ് ബാധ്യതയായി രേഖപ്പെടുത്താനുള്ള കാരണം വ്യക്തമല്ല.

6.ഭൂമിയുടെ മൂല്യം ബി-11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല

7.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി,ലൈസൻസ് ഫീ എന്നീ ഇനങ്ങളിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011, 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം58(4)എച്ച് എന്നിവ പ്രകാരം കിട്ടാനുള്ള തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8.വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ 102230 രൂപ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യാക്കിയിട്ടില്ല.

9.ബി 4 ഷെഡ്യൂൾ പ്രകാരം (Code 320100299) നീക്കിയിരിപ്പായി രേഖപ്പെടുത്തിയ 108827രൂപ 2018-19 മുതൽ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്.പ്രസ്തുത തുക ഏതിനത്തിലുള്ള ഗ്രാന്റാണെന്ന് വ്യക്തമല്ല.

10.ബി 4 ഷെഡ്യൂൾ പ്രകാരം (Code 320900399) 2014-15 വർഷം മുതൽ നീക്കിയിരിപ്പായി 14936രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഏതിനത്തിൽ ലഭിച്ചതാണെന്ന് വ്യക്തമല്ല.

11.-ഗുണഭോക്തൃ വിഹിതമിനത്തിൽ ബി-4 പ്രകാരം നീക്കിയിരിപ്പുള്ള 129000 രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല

12-കുടിവെള്ളപദ്ധതി ചെലവ്,പോഷകാഹാര ചെലവ് ,ശുചിത്വം ,ആശ്രയ അഗതി പുനരധിവാസ ചെലവ് Projects Not Included In Sector Division -RP—18, I-14(c)എന്നീ ഷെഡ്യൂളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്

13.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട് സ് ) ചട്ടങ്ങളിലെ ചട്ടം 62എഫ് പ്രകാരംവാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

14.2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(4) പ്രകാരം ധനകാര്യപത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം പൂർണ്ണരൂപയിൽ എഴുതിയിട്ടില്ല.

15-2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(ഇ) പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ,മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ അക്കൗണ്ടിൻമേലുള്ള കുറിപ്പുകളായി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവ ഉൾപ്പെടുത്തിയിട്ടില്ല

16-2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

17.ജലജീവൻ മിഷൻ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ 10 ലക്ഷം രൂപ ശുചിത്വ കമ്മിറ്റിയുടെ സംയുക്ത അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും തുക വിനിയോഗിച്ചിട്ടില്ല. ആയത് ബി.18 ഷെഡ്യൂളിൽ മുൻകൂർ ശീർഷകത്തിൽ കാണിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 1,02,78,929.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,90,32,045.00 |
| ആകെ | 10,93,10,974.48 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,33,19,679.00 |
| നീക്കിയിരിപ്പ് | 1,59,91,295.48 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26,049 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 23,12,000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22984679 | 22984679 | 22393000 | 591679 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1117000 | 1117000 | 1117000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 11924000 | 11924000 | 9680195 | 2243805 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 5362310 | 5362310 | 3573318 | 1788992 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് ഫണ്ട് | 0 | 5013416 | 5013416 | 4939932 | 73484 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ഫണ്ട് | 0 | 10652880 | 10652880 | 5224486 | 5428394 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 450925 | 1680570 | 2131495 | 1276296 | 855199 |
| എം പി ഫണ്ട് | 72 | 1 | 73 | 0 | 73 |

| | | | | | |
|---|---|---|---|---|---|
| ടി എസ് സി | 95200 | 0 | 95200 | 0 | 95200 |
| പൈക്ക | 12971 | 177 | 13148 | 0 | 13148 |
| എം എൻ ആർ ഇ ജി എസ് ഭരണ ചെലവ് | 3011.48 | 562033 | 565044.48 | 562774 | 2270.48 |
| നേരിട്ട് ചെലവഴിച്ചത് | 0 | 27836998 | 27836998 | 27836998 | 0 |
| പ്രത്യേകോദ്ദേശ്യഗ്രാന്റ് (320100299) | 108827 | 0 | 108827 | 0 | 108827 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 98789 | 3488 | 102277 | 0 | 102277 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1419957 | 577798 | 1997755 | 1995581 | 2174 |
| ബഡ്സ് സ്കൂൾ, അങ്കണവാടി നെയിം ബോർഡ്, കില ട്രയിനിംഗ് | 1080065 | 535373 | 1615438 | 947688 | 667750 |
| അദർ അവാർഡ്സ്, ഹോണേഴ്സ് | 14936 | 0 | 14936 | 0 | 14936 |
| വിമുക്തി | 37500 | 0 | 37500 | 0 | 37500 |
| അഗതിരഹിത കേന്ദ്രം | 0 | 934631 | 934631 | 934631 | 0 |

2021-22 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് സമർപ്പിച്ചിട്ടില്ല

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷംഅംഗീകാരംലഭിച്ചപ്രൊജക്ടുകൾനടപ്പാക്കിയതിന്റെവിവരംതാഴെചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെശതമാനം |
|---|---|---|---|---|---|---|---|
| 172 | 9,66,47,597 | 141 | 6,83,000,35 | 113 | 29 | 30 | 66 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5547675 | 9 | 4498400 | 8 | 81 |
| 2 | വെറ്റിനറി സർജൻ | 24,10,000 | 3 | 16,60,000 | 3 | 69 |
| 3 | മെഡിക്കൽഓഫീസർ (പിഎച്ച്സി) | 34,65,826 | 7 | 28,77,283 | 5 | 83 |
| 4 | മെഡിക്കൽഓഫീസർ (ആയുർവേദ) | 17,99,000 | 3 | 17,77,207 | 3 | 99 |
| 5 | സെക്രട്ടറി | 1,15,91,306 | 29 | 84,21,544 | 22 | 73 |
| 6 | ഐസി ഡി എസ് സൂപ്പർവൈസർ | 87,39,974 | 9 | 72,39,570 | 5 | 83 |
| 7 | അസിസ്റ്റന്റ്എഞ്ചിനീയർ | 3,78,88,620 | 66 | 2,38,24,107 | 54 | 63 |

| | | | | | | |
|---|---|---|---|---|---|---|
| 8 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 37,64,200 | 4 | 6,18,774 | 4 | 17 |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | 12,20,418 | 2 | 11,60,418 | 2 | 95 |
| 10 | വി ഇ ഒ (പടുവിലായി ) | 69,12,467 | 10 | 53,73,234 | 10 | 78 |
| 11 | വി ഇ ഒ (പാതിരിയാട്) | 85,96,900 | 14 | 74,72,900 | 13 | 87 |
| 12 | ഹെഡ് മാസ്റ്റർ | 15,72,300 | 3 | 15,00,000 | 1 | 95 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 31,38,911 | 13 | 18,76,598 | 11 | 60 |
| | ആകെ | 9,66,47,597 | 172 | 6,83,000,35 | 141 | 71 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3011.48 | 562033 | 565044.48 | 562774 | 2270.48 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27836998 | 27836998 | 27836998 | 0 |
| ആകെ | 3011.48 | 28399031 | 28402042.48 | 28399772 | 2270.48 |

തൊഴിൽ സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4065 |
| 2021-22 സാമ്പത്തിക വർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1452 |
| 2021-22 ൽ ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | 192 |
| 2021-22 ൽ നൽകിയ തൊഴിൽ ദിനങ്ങൾ | 82483 |
| 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവരുടെ എണ്ണം | 226 |
| തൊഴിൽ ആവശ്യപ്പെട്ട് തൊഴിൽ ലഭിച്ചവരുടെ ശതമാനം | 94% |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 9286000 | 593 |
| വിധവാപെൻഷൻ | 23832000 | 1566 |
| വാർദ്ധക്യകാലപെൻഷൻ | 43284400 | 3125 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 8165600 | 526 |
| അവിവാഹിത പെൻഷൻ | 4898500 | 328 |
| വിവാഹ ധനസഹായം | 480000 | 16 |

**1-7-1 ക്ഷേമ പെൻഷൻ വിതരണം -പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അനുവദിച്ചതും മറ്റ് അപാകങ്ങളും**

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് 2021-22 വർഷം വേങ്ങാട് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു .

| ക്രമ നം. | പേര് | പെൻഷന്റെ തരം | മരണപ്പെട്ട തീയതി | രജിസ്റ്റർ ചെയ്ത തീയതി | ആധാർ നമ്പർ | പെൻഷണർ ഐ.ഡി | തുക നൽകിയ കാലയളവ് |
|---|---|---|---|---|---|---|---|
| 1 | കാസിം പടിക്കലെ ക്കണ്ടി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11-12-2021 | 13/2022 /17-01-2022 | 603855260925 | 111620201530 | 01/2022 |
| 2 | എടച്ചേരി ജാനകി | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 29-06-2021 | 27/2022 /14-02-2022 | 775998411614 | 111620500065 | 11/2022 വരെ ബാങ്ക് അക്കൗണ്ട് നിലവിൽ ആക്ടീവാണ് |
| 3 | ഹരിദാസൻ കൊട്ടൂർ കരിയാടൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 12-01-2022 | 34/2022 /18-02-2022 | 693364614943 | 111620202553 | 11/2022 വരെ ബാങ്ക്അക്കൗണ്ട് നിലവിൽ ആക്ടീവാണ് |
| 4 | വിജയൻ തവര | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 13-12-2021 | 52/22/ 09-03-2022 | 841385543603 | 111620200576 | 01/2022, 02/2022 |
| 5 | നരിക്കാടൻ വേലായുധൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 14-02-2022 | 53/22/ 14-03-2022 | 402799347366 | 111370200450 | 03/2022, 04/2022 |
| 6 | മുഹമ്മദ് പി കെ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 11-03-2022 | 63/2022 /25-03-2022 | 462692717812 | 111220200952 | 04/2022 മുതൽ 11/2022 വരെ |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | ശാന്ത പി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 20-02-2022 | 70/2022 /25-03-2022 | 636201365695 | 111620202310 | 03/2022,04/2022 |

ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷം നൽകിയ തുക തിരികെ ഈടാക്കുന്നതിനും പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.30/30-12-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും തുക അനുവദിച്ചിട്ടുണ്ടെയെന്ന് പരിശോധിക്കേണ്ടതും ആയത് തിരികെ ഈടാക്കുന്നതിനും പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ മുഴുവൻ വിവരവും പരിശോധിച്ച് , മരണശേഷം പെൻഷൻ അനുവദിക്കപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും അധികം നല്കിയ തുക ഡി ബി ടി അക്കൗണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.12.22 തീയതിയിൽ ഉച്ചക്ക് ശേഷം 2.15 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34019 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

സ്റ്റാഫ് മീറ്റിംഗ്എല്ലാ മാസവും കൂടിയിട്ടില്ല. ആകെ 3മാസങ്ങളിൽ മാത്രമാണ് കൂടിയത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ജീവനക്കാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് സമഗ്ര ജോലി വിഭജന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ജീവനക്കാർക്ക് വേണ്ടി സമഗ്ര ജോലി വിഭജന ഉത്തരവ് ഇക്കാലയളവിൽ പുറപ്പെടുവിച്ചിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കണക്കാക്കി തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല. സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്താക്കൾക്ക് മരണാനന്തരവും സാമൂഹ്യ സുരക്ഷപെൻഷൻ അനുവദിക്കുന്നുണ്ട്.

തനതു വരുമാന വർദ്ധനവിന് ജിയോ മാപ്പിംഗ് ആപ്ലിക്കേഷന്റെ സാധ്യത പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല. വരവിനങ്ങളിൽ ഭീമമായ കുടിശ്ശിക പിരിച്ചെടുക്കുവാനുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-10 കമ്മിറ്റികൾ

സ്മാർട്ട് ഗാർബേജ് സിസ്റ്റത്തിനായിട്ടുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട് . വാങ്ങൽ നടപടിക്രമങ്ങളുടെ മിനുട്ട്സ് വിശദമായി എഴുതിയിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ല. മിക്ക ഫയലിലും ഉൾപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ അപൂർണ്ണവുമാണ്. മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തുന്നില്ല. പൊതുമരാമത്ത്, ജൈവ വൈവിധ്യം, കുടിവെള്ളം/ശുചിത്വം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ മാത്രമാണ് രണ്ടിൽ കൂടുതൽ തവണ യോഗം ചേർന്നിട്ടുള്ളത്. ആസൂത്രണ സമിതി യോഗ മിനുട്സ് അപൂർണ്ണമാണ്. മിക്ക യോഗങ്ങളിലും തീയതിയും യോഗതീരുമാനങ്ങളും എഴുതി ചേർത്തിട്ടില്ല.

## 1-11 തനതു വരുമാന വർദ്ധനവിന് ജിയോ മാപ്പിംഗ് ആപ്ലിക്കേഷന്റെ സാധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്.

വേങ്ങാട് പഞ്ചായത്തിൽ ജി ഐ എസ് മാപ്പിംഗ് പ്രവൃത്തികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം നടത്തിയിട്ടുണ്ട്. ജി ഐ എസ് മാപ്പിംഗിലെ വിവരങ്ങളും സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങളും തമ്മിൽ താരതമ്യപ്പെടുത്തി പരിശോധിച്ചപ്പോൾ താഴെ പറയുന്ന വിമുക്തഭടൻമാരുടെ വാസഗൃഹങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ വരുത്തിയതായി കാണുന്നു.

1. വിമുക്ത ഭടന്മാരുടെ കെട്ടിടങ്ങൾ അധിക നിർമ്മാണം നടത്തിയവയ്ക്ക് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം സഞ്ചയ പ്രകാരം(ച.മീ) | വിസ്തീർണ്ണം ജിഐഎസ് മാപ്പിംഗ് സൈറ്റ്പ്രകാരം(ച.മീ) |
|---|---|---|---|---|
| 1 | 20/463 | കല്ലിക്കണ്ടി മൌവ്വഞ്ചേരി ജയരാജൻ | താഴത്തെ നില 109 | താഴത്തെ നില-90.91 ഫസ്റ്റ് ഫ്ലോർ-54.77 |
| 2 | 16/407 | വേലാണ്ടി ബിജു | താഴത്തെ നില 80 | താഴത്തെ നില-91.29 ഫസ്റ്റ് ഫ്ലോർ-77 |
| 3 | 21/392 | പുല്ലാഞ്ഞിയോടൻ കൃഷ്ണൻ നമ്പ്യാർ | താഴത്തെ നില 118 | താഴത്തെ നില-107.5 ഫസ്റ്റ് ഫ്ലോർ-86.8 |
| 4 | 16/373 | കറ്റിപ്രത്ത് കുഞ്ഞിക്കണ്ണൻ | താഴത്തെ നില 111.4 | താഴത്തെ നില-110.38 ഫസ്റ്റ് ഫ്ലോർ-91.51 |

മേൽ പറഞ്ഞ അധികനിർമ്മാണത്തിന് പഞ്ചായത്ത് അനുമതി നേടിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനും, ജി.ഐ.എസ് മാപ്പിംഗ് സൈറ്റിലെ വിവരങ്ങൾ പ്രകാരം 185 ച.മീ അധികരിക്കുന്ന വിമുക്തഭടൻമാരുടെ വാസഗൃഹങ്ങൾക്ക് അധികം വരുന്ന വിസ്തീർണ്ണത്തിന് നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/29.12.22) മറുപടി നൽകിയിട്ടില്ല.

2.സഞ്ചയയിലെ കെട്ടിടങ്ങളുടെ വിവരങ്ങളും ജി.ഐ.എസ് മാപ്പിംഗ് സൈറ്റ് പ്രകാരമുള്ള വിവരങ്ങളും താരതമ്യം ചെയ്തതിൽ താഴെക്കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിൽ വ്യത്യാസം കാണുന്നു

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം സഞ്ചയ പ്രകാരം(ച.മീ) | വിസ്തീർണ്ണം ജിഐഎസ് മാപ്പിംഗ് സൈറ്റ് പ്രകാരം(ച.മീ) |
|---|---|---|---|---|---|
| 1 | 21/963 | എൻ.രഘുനാഥൻ | വാണിജ്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം | 22.8 | 160 |
| 2 | 7/372 | കെ.എം. ജിതേഷ് | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 30.55 | 133 |
| 3 | 1/199 | കാസിയാർ പുതിയ പുരയിൽ ശാഹിദ | സ്റ്റോറേജ് ഷെഡ് (സഞ്ചയ പ്രകാരം) ജിഐഎസ് മാപ്പിംഗ് സൈറ്റ് പ്രകാരം പാർപ്പിടാവശ്യം | 15 | താഴത്തെ നില-103.29 ഫസ്റ്റ് ഫ്ലോർ-73 |
| 5 | 16/209 | പുതുക്കടി ശ്രീജിൽ | പാർപ്പിടാവശ്യം | 116 | താഴത്തെ നില-118 ഫസ്റ്റ് ഫ്ലോർ-104 |
| 6 | 5/508 | പവിത്രൻ | പാർപ്പിടാവശ്യം | 119.5 | താഴത്തെ നില-106.7 ഫസ്റ്റ് ഫ്ലോർ-87.4 |

3.താഴെ പറയുന്ന കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയറിലെയും, ജി.ഐ.എസ്. മാപ്പിംഗിലെയും ഉപയോഗക്രമത്തിൽ

വ്യത്യാസം കാണുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം സഞ്ചയ പ്രകാരം(ച.മീ)/ ഉപയോഗക്രമം | വിസ്തീർണ്ണം ജിഐഎസ് മാപ്പിംഗ് സൈറ്റ് പ്രകാരം(ച.മീ)/ ഉപയോഗക്രമം |
|---|---|---|---|---|
| 1 | 3/269A | സി.വി.അഹമ്മദ് | 35<br>നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ(കൂട) | 153<br>ഫ്ലോർമിൽ |
| 2 | 2/217 | ചാലിക്കണ്ടി പീടികയിൽ അബ്ദു റഹിമാൻ | 25.56<br>നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ | താഴത്തെ നില-134<br>ഫസ്റ്റ് ഫ്ലോർ-103<br>പാർപ്പിടാവശ്യം |

മേൽ ഉദാഹരണങ്ങളിൽ നിന്നും കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ വരുത്തിയും,ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയും പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നുണ്ട്.എന്നാൽ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ അധികനിർമ്മാണത്തിന് നികതി നിർണ്ണയിച്ചതായി കാണുന്നമില്ല.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങൾക്ക് ക്രമവൽകരണം നടത്തുന്നതിനായി അപേക്ഷകൾ ലഭിക്കുന്നുണ്ട്.തൻവർഷം റെഗുലറൈസേഷൻ ഫീസിനത്തിൽ മാത്രം 353460/- വരവുണ്ട്.

അതിനാൽ അനധികൃത നിർമ്മാണങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ടാവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ജിയോ മാപ്പിംഗ് ആപ്ലിക്കേഷനിൽ നിന്നും കെട്ടിടത്തിന്റെ ശരിയായ വിസ്തീർണ്ണം, ഉപയോഗഗണം, തറയുടെ തരം മേൽക്കൂര ഇനം മുതലായ വിവരങ്ങൾ ലഭിക്കും. ഇത് അസസ്മെന്റ് രജിസ്റ്റർ പ്രകാരമുള്ളതുമായി താരതമ്യം ചെയ്ത് കെട്ടിട ഉടമ നിലവിൽ ഒടുക്കുന്ന വസ്തു നികുതി ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്. ജിയോ മാപ്പിംഗ് ആപ്ലിക്കേഷനിൽ നിന്നും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം ലഭിക്കും. മേൽ കെട്ടിടങ്ങളെല്ലാം എഫ്.ടി.ഇ&ഒ.എസ്. ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.സഞ്ചയ സോഫ്റ്റ് വെയർപ്രകാരം ആയിരത്തോളം കെട്ടിടങ്ങൾ നികുതി ഉപനികുതി ഒഴിവാക്കിയ ഗണത്തിൽ പെടുന്നുണ്ട്. ജിയോ മാപ്പിംഗ് ആപ്ലിക്കേഷനിൽ നിന്നും അത്തരം കെട്ടിടങ്ങളുടെ നിജസ്ഥിതി കൂടി പരിശോധിക്കേണ്ടതാണ്. ജി.ഐ.എസ്. മാപ്പിംഗ് സൈറ്റിലേയും, സഞ്ചയയിലേയും കെട്ടിടങ്ങളുടെ വിവരങ്ങൾ താരതമ്യം ചെയ്ത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം നികുതിയിനത്തിലും ഫീസിനത്തിലും പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകകളെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | കുടിശ്ശിക ₹ |
|---|---|---|
| 1 | വസ്തുനികുതി(റസിഡൻഷ്യൽ ) തൻവർഷം | 177271 |
| 2 | വസ്തുനികുതി(റസിഡൻഷ്യൽ അരിയർ | 10,91,593 |
| 3 | ലൈസൻസ് ഫീസ് (അരിയർ ) | 7600 |

കുടിശ്ശിക തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനും, പ്രസ്തുത തുകകൾ പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/30.12.22) മറുപടി നൽകിയിട്ടില്ല. വരവിനങ്ങളിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-13 ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 16/22 ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹75000 വികസന ഫണ്ട് - പൊതു വിഭാഗം |
| ചെലവ് | ₹ 75000 ബിൽ നമ്പർ / തീയതി : 09/22-06-2021 |

ഗ്രാമ പഞ്ചായത്തിന് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് മേൽ പ്രോജക്ട് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (നം.57047023512) ₹75000 നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/26-02-2022) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ഇതുവരെയും ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-14 സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

5.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ലാസ്റ്റ് ഗ്രേഡ് ,പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ അല്ലാത്ത മറ്റ് ജീവനക്കാർക്കും 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ ആയി ആകെ₹375947 (വൗച്ചർ നം 22100130/4-6-21 (₹331214),22100176/02-07-2021 ((₹44733) എന്നിവ പ്രകാരം) അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം സറണ്ടർ അനുവദിച്ച ജീവനക്കാരുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പേര് | തസ്തിക | അനുവദിച്ച തുക ₹ |
|---|---|---|---|
| 1 | വിനോദൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 59829 |
| 2 | ഷിബു.കെ | അക്കൗണ്ടന്റ് | 58386 |
| 3 | സാഗർ.എൻ.കെ | ഹെഡ് ക്ലർക്ക് | 57054 |
| 4 | ഷീലത.സി | സീനിയർ ക്ലർക്ക് | 49395 |
| 5 | സജിന .സി | സീനിയർ ക്ലർക്ക് | 33633 |
| 6 | സൂരജ് സുരേന്ദ്രൻ | സീനിയർ ക്ലർക്ക് | 29294 |
| 7 | ഷീന.എ | സീനിയർ ക്ലർക്ക് | 43623 |
| 8 | മഹേഷ്.ഇ.കെ | സീനിയർ ക്ലർക്ക് | 44733 |
| | ആകെ | | ₹375947 |

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്.ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ

അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31-12-2022 തീയതി വരെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/27-12-022) ലീവ് സറണ്ടർ ആനുകൂല്യം 05-11-2020 ലെ ജി.ഒ(പി) നം. 152/2020/ധന ഉത്തരവ് പ്രകാരം 31-05-2021 വരെ മാറ്റിവെക്കപ്പെടുകയാണ് ചെയ്തതെന്നും ഉത്തരവ് ദീർഘിപ്പിച്ച് വരാത്തതിലാണ് ആനുകൂല്യം അനുവദിച്ചതെന്നും അറിയിച്ചിട്ടുണ്ട്. 26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന ഉത്തരവിന് 1.6.21 മുതൽ മുൻകാല പ്രാബല്യം ഉണ്ടെന്നതിനാൽ നിലവിൽ ആർജിതാവധി സറണ്ടർ അനുവദിച്ചവരുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തത വരുത്തി ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ജലജീവൻ മിഷൻ പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറൽ - വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല₹ 10,00,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 96/22 ജലജീവൻ മിഷൻ പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറൽ |
| അടങ്കൽ | ₹1000000 വികസന ഫണ്ട് - പൊതു വിഭാഗം |
| ചെലവ് | ₹ 1000000 ബിൽ നമ്പർ / തീയതി :273/26-02-2022 |

ജലജീവൻ മിഷൻ പദ്ധതിയുടെ ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകാനുള്ള തുക ഗ്രാമപഞ്ചായത്ത്തല ശുചിത്വ കമ്മിറ്റിയുടെ സംയുക്ത അക്കൗണ്ടിലേക്ക് (നം.40810182402) നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/2611-2022) ജല അതോറിറ്റി ആവശ്യപ്പെട്ടാൽ നൽകാം എന്നതിന്റെ അടിസ്ഥാനത്തിലാണ് ശുചിത്വ കമ്മിറ്റി പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ നിക്ഷേപിച്ചതെന്നും, തുക ഇതു വരെയായും ആവശ്യപ്പെടാത്തതിനാൽ തുക കൈമാറി നൽകിയിട്ടില്ല എന്നുമാണ് അറിയിച്ചത് . ആയത് ഇപ്പോഴും ഗ്രാമപഞ്ചായത്ത്തല ശുചിത്വ കമ്മിറ്റി പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട അക്കൗണ്ടിന്റെ പാസ്സ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മുൻകൂർ തുക പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചത് ശരിയായ നടപടിയല്ല. രേഖകളുടെ അഭാവത്തിൽ ₹ 1000000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ജല അതോറിറ്റിക്ക് തുക കൈമാറിയതിന്റെയും മുഴുവൻ തുക വിനിയോഗിച്ചതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 പയർ വിത്ത് വിതരണം -വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല-₹ 126000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 49/22 പയർ വിത്ത് വിതരണം |
| അടങ്കൽ | ₹126000 വികസന ഫണ്ട് - പൊതു വിഭാഗം |

| | |
|---|---|
| ചെലവ് | ₹ 126000 ബിൽ നമ്പർ / തീയതി : 281/02-03-2022 |

അഗ്രോ സർവ്വീസ് സെന്റർ, വേങ്ങാടിന്റെ ഇൻവോയ്സ് നമ്പർ 198/29-01-2022 പ്രകാരം ബ്ലേക്ക് ഗ്രാം 205 കി.ഗ്രാം, പയർ വിത്ത് 495 കി.ഗ്രാം വീതം വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

102 ഗുണഭോക്താക്കളുടെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഓരോ ഗുണഭോക്താവും എത്ര കിലോഗ്രാം പയർ വിത്ത് കൈപ്പറ്റിയെന്നതിന്റെ വിവരം ലഭ്യമല്ല.

ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/29-12-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 126000 തടസ്സപ്പെടുത്തുന്നു.

## 1-17 പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് വിതരണം - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല ₹ 1186000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 8/22 പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് വിതരണം |
| അടങ്കൽ | ₹ 889500 വികസന ഫണ്ട് - പൊതു വിഭാഗം<br>₹ 296500 -മറ്റുള്ളവ<br>₹ 1186000 |
| ചെലവ് | ₹ 630000 ബിൽ നം./തീയതി 306/10-03-2022<br>₹ 259500 ബിൽ നം./തീയതി 307/10-03-2022<br>₹ 296500 ചെക്ക് നം./തീയതി 1706015/24-03-2022<br>₹ 1186000 |

പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് വിതരണം എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിനായി വേങ്ങാട് അഗ്രോ സർവ്വീസ് സെന്ററിനാണ് തുക നൽകിയത്. ഇൻവോയ്സ് നമ്പർ 216/02-03-2022 പ്രകാരം 173 യൂണിറ്റും 185/10-01-2022 പ്രകാരം 420 യൂണിറ്റ് ഗ്രോ ബാഗുകളും വാങ്ങിയതിന്റെ രേഖകൾ ഫയലിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

1. ഗ്രോബാഗുകൾ എത്ര ഗുണഭോക്താക്കൾക്ക് എത്ര യൂണിറ്റ് വീതം വിതരണം ചെയ്തുവെന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
2.മോണിറ്ററിംഗ് റിപ്പോർട്ട് ,പ്രൊജക്ടിന്റെ കോപ്പി എന്നിവ ഹാജരാക്കിയിട്ടില്ല
3.ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല

മുകളിൽ പറഞ്ഞ അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/29-12-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 1186000 തടസ്സപ്പെടുത്തുന്നു.

## 1-18 കന്നുകട്ടി പരിപാലന പരിപാടി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 2/22 കന്നുകട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹250000 വികസന ഫണ്ട് - പൊതുവിഭാഗം |

| | |
|---|---|
| ചെലവ് | ₹250000 ബിൽ നമ്പർ : 202/20.01.22 |

മേൽ പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽ നിന്നും 250000 രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ ,കണ്ണൂരിന് -അനുവദിച്ചിട്ടുണ്ട്.പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27/30.12.22) ആയതു ലഭ്യമാക്കാനായി ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-19 റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ കാലിബാരൽ വിലയും ,ജി എസ് ടിയും അതാത് ഫണ്ടിൽ /വകുപ്പിൽ തിരിച്ചടച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ കാലിബാരൽ വിലയും, ജി എസ് ടിയും സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിലാണ് (799013000000165) ക്രഡിറ്റ് ചെയ്തിട്ടുള്ളത്. സർക്കുലർ 59827/FM/07/ത സ്വ ഭവ 30.10.2007 പ്രകാരം ടാർവീപ്പ് വിറ്റ് കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങുന്നത് ആ ഫണ്ടിൽ തന്നെ തിരിച്ചടക്കണമെന്ന് ഉത്തരവായിട്ടുണ്ട്. കൂടാതെ ജി എസ് ടിയും അതാത് വകുപ്പിലേയ്ക്ക് ഒടുക്കേണ്ടതാണ്. ഇവ ഒടുക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് 4/26-12-2022 മറുപടി നൽകിയിട്ടുണ്ട്

## 1-20 നിശ്ചിത കാലാവധിക്കുള്ളിൽ കരാർ ചമയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല

നിശ്ചിത സമയത്തിനകം കരാർ ചമയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. ടെണ്ടർസ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായ രേഖ മൂലമുള്ള അറിയിപ്പ് കത്ത് (സെലക്ഷൻ നോട്ടീസ് ) കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതും , 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം പിഴ ഈടാക്കി (കരാർ തുകയുടെ 1% മിനിമം 1,000) കരാറുടമ്പടി വെയ്ക്കേണ്ടതാണെന്ന് 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ (ജി.ഒ. (പി) 13/2012 /P.W.D/ 01-02-2012) സെക്ഷൻ 2009-06ൽ വ്യക്തമാക്കിയിട്ടുണ്ട്. അനുസരിച്ചുള്ള പിഴയും മേൽ പറയുന്ന പ്രവൃത്തിയിൽ നിന്നും ഈടാക്കിയിട്ടില്ല.അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാവുന്നതാണെന്ന് മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫൈൻ ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (6/27-12-22, 20/29.12.22,32/30/12/2022) മറുപടി നൽകിയിട്ടുണ്ട്. ഫൈൻ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1)

| | |
|---|---|
| പ്രൊജക്ട് നം. | 103/22 |
| പ്രൊജക്ട് - | വണ്ണാൻമെട്ട കറപ്പത്തോട്ടം റോഡ് ടാറിംഗ്<br>0/000 To 0/321 |
| കരാറുകാരൻ | ശ്രീ.ചന്ദ്രൻ.സി.കെ |
| അടങ്കൽ /ഫണ്ട് | 12,95000(തനത് ഫണ്ട് ) |
| പ്രോജക്ട് ചെലവ് | 11,62,053 |
| ബിൽ /വൗച്ചർ നം&തീയതി | 22100903/26.2.2022 |
| പി.എ.സി. തുക | 10,37,710 |
| എം.ബുക്ക് | 12/5/11/21 |
| എഗ്രിമെന്റ് | AE/LSGD/VGD/12/21-22 Dt 5.11.2021 |
| ടെണ്ടർ ഭരണസമിതി അംഗീകരിച്ച<br>നം &തീയതി | 4/1 Dt 4.10.21 |
| സെലക്ഷൻ നോട്ടീസ് നം &തീയതി | AE/VGD/18/21-22 തീയതി 4.10.21 |

| | |
|---|---|
| സെലക്ഷൻ നോട്ടീസ് കൈപറ്റ് തീയതി | ഇല്ല |

2)

| | |
|---|---|
| പ്രൊജക്റ്റ് നം. | 126/22 |
| പ്രൊജക്റ്റ് - | വണ്ണാൻമെട്ട കറപ്പത്തോട്ടം റോഡ് ടാറിംഗ്<br>0/321 To 0/500 |
| കരാറുകാരൻ | ശ്രീ.അബ്ദു റഹിമാൻ.എം.പി |
| അടങ്കൽ /ഫണ്ട് | 6,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| പ്രോജക്റ്റ് ചെലവ് | 539923 |
| ബിൽ /വൗച്ചർ നം&തീയതി | 243/14.2.2022 |
| പി.എ.സി. തുക | 482074 |
| എം.ബുക്ക് | 11/21-22 - 29/10.21 |
| എഗ്രിമെന്റ് | AE/LSGD/VGD/11/21-22 Dt 29.10.2021 |
| ടെണ്ടർ ഭരണസമിതി അംഗീകരിച്ച<br>നം &തീയതി | 4/1 Dt 4.10.21 |
| സെലക്ഷൻ നോട്ടീസ് നം &തീയതി | AE/VGD/20/21-22 തീയതി 4.10.21 |
| സെലക്ഷൻ നോട്ടീസ് കൈപറ്റ് തീയതി | ഇല്ല |

3)

| | |
|---|---|
| പ്രൊജക്റ്റ്& പ്രൊജക്റ്റ് നം. | വെൺമണൽ മുടക്കണ്ടി റോഡ് ടാറിംഗ്-139/22<br>0/560 To 1/300 Km |
| കരാറുകാരൻ | പികോസ് |
| അടങ്കൽ /ഫണ്ട് | 13,22,223(മെയിന്റനൻസ് ഗ്രാന്റ് റോഡ് ) |
| പ്രോജക്റ്റ് ചെലവ് | 13,22,223 |
| ബിൽ /ചെക്ക് നം. | 42/19.7.21 |
| പി.എ.സി. തുക | 11,95,520.96 |
| എം.ബുക്ക് | 3/21-22 |
| ടെണ്ടർ ഭരണസമിതി അംഗീകരിച്ച<br>നം &തീയതി | 4 (1) Dt 31.12.2019 |
| സെലക്ഷൻ നോട്ടീസ് നം &തീയതി | AE/VGD/ നമ്പറില്ല /19-20 തീയതി 6.1.2020 |
| സെലക്ഷൻ നോട്ടീസ് കൈപറ്റ് തീയതി | സെലക്ഷൻ നോട്ടീസ് (തീയതി ഇല്ലാതെ) കൈപറ്റിയിട്ടുണ്ട് |
| എഗ്രിമെന്റ് | AE/LSGD/VGD/37/19-20 Dt 13.2.2020 |

4)

| | |
|---|---|
| പ്രൊജക്റ്റ്& പ്രൊജക്റ്റ് നം. | അങ്കണവാടികൾക്ക് ചുറ്റമതിലും കൊടിമരവും നിർമ്മാണം -143/22 |
| കരാറുകാരൻ | ശ്രീ.മുഹമ്മദ് ഷബീൽ .പി |
| അടങ്കൽ /ഫണ്ട് | 7,40,000( (മെയിന്റനൻസ് ഗ്രാന്റ് റോഡ് )<br>23,000(തനത് ) |
| പ്രോജക്റ്റ് ചെലവ് | 7,36,991 (ഒന്നാം ഭാഗിക ബിൽ 2020-21)<br>3,91,648 (ഫൈനൽ ബിൽ) |
| ബിൽ /ചെക്ക് നം. | 75/23.3.2022 |
| പി.എ.സി. തുക | 12,05,040.65 |
| എം.ബുക്ക് | 18/21-22 |
| ടെണ്ടർ ഭരണസമിതി അംഗീകരിച്ച<br>നം &തീയതി | 2/2 Dt 30.10.2020 |
| സെലക്ഷൻ നോട്ടീസ് നം &തീയതി | AE/VGD//20-21 തീയതി 2.11.20 |
| സെലക്ഷൻ നോട്ടീസ് കൈപറ്റ് തീയതി | 3.11.2020 |
| എഗ്രിമെന്റ് | AE/LSGD/VGD/18/20-21 തീയതി 23.12.2020 |

5)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റ് നം. | 146/22 |
| പ്രൊജക്റ്റ് - | കുണ്ടുകുണ്ടംചാൽഇടയിൽ പീടിക റോഡ് പുനരുദ്ധാരണം<br>0/340 To 0/523 |
| കരാറുകാരൻ | ശ്രീ.നീരജ് പി.കെ |
| അടങ്കൽ /ഫണ്ട് | 7,50,000(മെയിന്റനൻസ് ഗ്രാന്റ്-റോഡ് ) |
| പ്രോജക്റ്റ് ചെലവ് | 6,97,644 |
| ബിൽ /ചെക്ക് നം. | 43 /19.3.2022 |
| പി.എ.സി. തുക | 6,26,720.90 |
| എം.ബുക്ക് | 20/20-21 |
| എഗ്രിമെന്റ് | AE/LSGD/VGD/20/21-22 Dt 23.12.2020 |
| ടെണ്ടർ ഭരണസമിതി അംഗീകരിച്ച<br>നം &തീയതി | 4/1 Dt21.10.2020 |
| സെലക്ഷൻ നോട്ടീസ് നം &തീയതി | AE/VGD/25/20-21 തീയതി രേഖപ്പെടുത്തിയിട്ടില്ല |
| സെലക്ഷൻ നോട്ടീസ് | ഇല്ല |

| | |
|---|---|
| കൈപറ്റ് തീയതി | |

